(ബി) മുൻസർക്കാരുകളുടെ കാലത്ത് ഭരണാനുമതി നൽകിയതോ, നിർമ്മാണം ആരംഭിച്ചതോ ആയ പ്രസ്തുത പദ്ധതിയിൽപ്പെട്ട റോഡുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലമാണെന്നും അവയിൽ പൂർത്തിയാക്കിയ റോഡുകൾ ഏതൊക്കെയെന്നുമുള്ള വിവരം വിശദാംശങ്ങൾ ഉൾപ്പെടെ ജില്ല തിരിച്ച് അറിയിക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

സുരഭി ഭവന പദ്ധതി

14 (1485) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുർബ്ബല വിഭാഗക്കാർക്ക് വസ്തുവിൽ വീട് വച്ച് നൽകുന്ന സുരഭി ഭവന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ പുരോഗതിക്കായി എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിരിക്കുന്നത് ; വിശദമാക്കാമോ?

ഉത്തരം

(എ-സി) തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന "സുരഭി" എന്ന പേരിൽ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നില്ല.

മലയോര വികസന ഏജൻസിയുടെ കണ്ണൂർ ജില്ലയിലെ പ്രവൃത്തികൾ

15 (1486) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-ൽ മലയോര വികസന ഏജൻസി രൂപീകരിച്ചതിനുശേഷം ഓരോ സാമ്പത്തിക വർഷവും കണ്ണൂർ ജില്ലയിൽ ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശങ്ങളും ഓരോ പ്രവൃത്തിക്കും വകയിരുത്തിയ തുക എത്രയെന്നും ഓരോ പ്രവൃത്തിയും ഏതു നിയോജകമണ്ഡലത്തിലാണ് ഉൾപ്പെടുന്നതെന്നും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly